**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.926** — **09.08.2017-ൽ മറുപടിക്ക്**

**ഇതര സംസ്ഥാന തൊഴിലാളികൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.സി. ജോർജ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വളരെയധികം ഇതര സംസ്ഥാന തൊഴിലാളികൾ യാതൊരു നിയന്ത്രണവുമില്ലാതെ ജോലി ചെയ്തു വരുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദമാക്കാമോ;<br><br>(ബി) ഇവരെ നിയന്ത്രിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ അധികവും നിർമ്മാണ-ഹോട്ടൽ-കൃഷി-ഗാർഹിക-പ്ലൈവുഡ് മേഖലകളിലാണ് ജോലി ചെയ്യുന്നത്. ഇപ്രകാരം വന്നെത്തുന്ന ഇതരസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള വ്യക്തിഗത വിവരങ്ങളോ, എവിടെ ജോലി എടുക്കുന്നുവെന്നോ, എത്ര പേർ കേരളത്തിൽ വന്നു ചേരുന്നുണ്ടെന്നോ, മടങ്ങി പോകുന്നുണ്ടെന്നോ എന്നതു സംബന്ധിച്ച വ്യക്തമായ വിവരം നിലവിൽ ലഭ്യമല്ല. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണവും വിവര ശേഖരണവും തിരിച്ചറിയൽ കാർഡ് വിതരണവും ലക്ഷ്യമിട്ട് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| (സി) ഇവരുടെ കടന്നുവരവുമൂലം സംസ്ഥാനത്ത് കൊലപാതകങ്ങളും അക്രമങ്ങളും മോഷണങ്ങളും കഞ്ചാവ് വില്പനകളും ഉൾപ്പെടെയുള്ള ജനവിരുദ്ധ പ്രവർത്തനങ്ങൾ വർധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) ഇവരെ നിർബന്ധമായും തിരിച്ചറിയൽ കാർഡ് ധരിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) നിർബന്ധമായി തിരിച്ചറിയൽ കാർഡ് ധരിപ്പിക്കുന്നതിന് നിയമപരമായി പിൻബലമില്ല. |

സെക്ഷൻ ഓഫീസർ.